VADAKKEKKAD

LITTLE KITES

# HSS THIRUVALAYANNUR NEWS

OCTOBER 2025




## തിരുവളയന്നൂരിന്റെ കലാ മാമാങ്കം :കേളീരവം 2025

തിരുവളയന്നൂർ: എച്ച്.എസ്.എസ് തിരുവളയന്നൂരിലെ സ്കൂൾ കലോത്സവം കേളീരവം 2025 സെപ്റ്റംബർ 19-ന് ഭംഗിയായി സംഘടിപ്പിച്ചു. പരിപാടിയുടെ ഉദ്ഘാടനം പി.ടി.എ പ്രസിഡന്റ് ശ്രീ. ബിജു പള്ളിക്കര നിർവഹിച്ചു. ചടങ്ങിൽ സ്കൂൾ പ്രധാനാധ്യാപിക ജിഷ ടീച്ചർ അധ്യക്ഷയായി. വൈവിധ്യമാർന്ന കലാപരിപാടികളിലൂടെ വിദ്യാർത്ഥികൾ അവരുടെ കഴിവുകൾ പ്രകടിപ്പിച്ചു. നാടോടി നൃത്തം, ഗ്രൂപ്പ് ഡാൻസ്, ദഫ് മുട്ട്, ഒപ്പന, തിരുവാതിര മത്സരങ്ങൾ കലോത്സവത്തിന് നിറംപകർന്നു. വിദ്യാർത്ഥികളുടെ ആവേശപൂർണ്ണമായ പങ്കാളിത്തം കലോത്സവത്തെ സമ്പന്നമാക്കി.പരിപാടിയുടെ വിജയത്തിന് അദ്ധ്യാപകരുടെയും പി.ടി.എ യുടെയും പ്രവർത്തക സമിതിയുടെയും സജീവ സഹകരണമാണ് കരുത്തായതെന്ന് കലാ കൺവീനർ ശ്രീരഞ്ജിനി ടീച്ചർ അറിയിച്ചു.

## എച്ച്.എസ്.എസ് തിരുവളയന്നൂരിൽ ക്ലാസ് PTA മീറ്റിംഗ്

തിരുവളയന്നൂർ: എച്ച്.എസ്.എസ് തിരുവളയന്നൂരിൽ സെപ്റ്റംബർ 12 ന് ക്ലാസ് PTA മീറ്റിംഗ് സംഘടിപ്പിച്ചു. മീറ്റിംഗിൽ ഫസ്റ്റ് ടെം വിലയിരുത്തൽ സംബന്ധിച്ച ചർച്ചകൾ നടന്നു. അധ്യാപകരും രക്ഷിതാക്കളും ചേർന്ന് വിദ്യാർത്ഥികളുടെ അക്കാദമിക് പുരോഗതിയെ വിലയിരുത്തുകയും, ഭാവി നടപടികൾക്കുള്ള നിർദ്ദേശങ്ങൾ നൽകുകയും ചെയ്തു.

## ശാസ്ത്ര-സാമൂഹ്യശാസ്ത്ര-പ്രവൃത്തി പരിചയ-ഐ.ടി. മേള



തിരുവളയന്നൂർ: എച്ച്.എസ്.എസ് തിരുവളയന്നൂരിൽ ശാസ്ത്ര, സാമൂഹ്യശാസ്ത്ര, പ്രവൃത്തി പരിചയ, ഐ.ടി. മേള സെപ്റ്റംബർ 16 ന് സംഘടിപ്പിച്ചു. പി.ടി.എ പ്രസിഡന്റ് ശ്രീ. ബിജു പള്ളിക്കര മേളയുടെ ഉദ്ഘാടനം നിർവഹിച്ചു. സ്കൂൾ പ്രധാനാധ്യാപിക ജിഷ ടീച്ചർ അധ്യക്ഷത വഹിച്ചു. വിദ്യാർത്ഥികൾ തയ്യാറാക്കിയ വിവിധ ശാസ്ത്ര മോഡലുകളും സാമൂഹ്യശാസ്ത്ര പ്രദർശനങ്ങളും സന്ദർശകരെ ആകർഷിച്ചു. പ്രവൃത്തി പരിചയ വിഭാഗത്തിലെ കരകൗശല നിർമാണങ്ങളും ഐ.ടി. പ്രദർശനങ്ങളും മേളയ്ക്ക് വൈവിധ്യം നൽകി. അധ്യാപകരുടെയും പി.ടി.എ യുടെയും സഹകരണത്തോടെ വിദ്യാർത്ഥികളുടെ സൃഷ്ടിപ്രതിഭകളെ പ്രോത്സാഹിപ്പിക്കുന്ന വേദിയായി മേള മാറി.



കേരളാ അറബിക് ടീച്ചേഴ്സ് ഫെഡറേഷൻ ചാവക്കാട് ഉപജില്ലാ കമ്മിറ്റി സംഘടിപ്പിച്ച ഫുട്ബോൾ ടൂർണമെന്റിൽ ജേതാക്കളായ തിരുവളയന്നൂർ എച്ച്.എസ്.എസ്.എസ് ടീം

## സോഫ്റ്റ്‌വെയർ ഫ്രീഡം ഫെസ്റ്റ്







തിരുവളയന്നൂർ: എച്ച്.എസ്.എസ് തിരുവളയന്നൂരിൽ ലിറ്റിൽ കൈറ്റ്സ് ക്ലബ്ബിന്റെ നേതൃത്വത്തിൽ Software Freedom Fest സംഘടിപ്പിച്ചു. പരിപാടിയിൽ ഡിജിറ്റൽ ലോകത്തിലെ സ്വതന്ത്ര സോഫ്റ്റ്‌വെയർ ഉപയോഗത്തിന്റെ പ്രാധാന്യം വിദ്യാർത്ഥികൾക്ക് പരിചയപ്പെടുത്തി. ദിവസാചരണത്തിന്റെ ഭാഗമായി പ്രതിജ്ഞാചടങ്ങ്, ഡിജിറ്റൽ പോസ്റ്റർ നിർമ്മാണം, റോബോട്ടിക് ട്രെയിനിംഗ് സെഷൻ എന്നിവ നടന്നു. വിദ്യാർത്ഥികളുടെ സാങ്കേതിക കഴിവുകളും ഡിജിറ്റൽ ബോധവൽക്കരണവും വർധിപ്പിക്കുന്നതിന് ഈ പ്രവർത്തനങ്ങൾ സഹായകമായി.


## സ്ക്രാച്ച് പ്രോഗ്രാമിംഗിൽ ഒന്നാം സ്ഥാനം little kites വിദ്യാർത്ഥിക്ക്.




തിരുവളയന്നൂർ: വിദ്യ അക്കാദമി ഓഫ് സയൻസ് ആൻഡ് ടെക്നോളജി സംഘടിപ്പിച്ച സ്ക്രാച്ച് പ്രോഗ്രാമിംഗ് മത്സരത്തിൽ എച്ച്.എസ്.എസ് തിരുവളയന്നൂരിലെ ലിറ്റിൽ കൈറ്റ്സ് ക്ലബ്ബ് അംഗം മുഹമ്മദ് തഫ്ഹീം ഒന്നാം സ്ഥാനത്തിന് അർഹനായി. അസാധാരണമായ പ്രോഗ്രാമിംഗ് കഴിവും സൃഷ്ടിപ്രതിഭയും പ്രകടിപ്പിച്ച് തഫ്ഹീം 3000 രൂപയുടെ ക്യാഷ് പ്രൈസ് കരസ്ഥമാക്കി. സ്കൂൾ അധികൃതരും അധ്യാപകരും സഹപാഠികളും അഭിനന്ദിച്ചു.









LP വിഭാഗം ഉന്നത വിജയം കരസ്ഥമാക്കിയവർ അധ്യാപകരോടൊപ്പം